മിസ്റ്റർ കെ. അയ്യപ്പൻ: ടെനൻസി ആക്ടിന്റെ റിട്രോസ്പെക്ടീവ് ഇഫക്ടിനെ സംബന്ധിച്ചു തർക്കംവരാൻ ഇടയുണ്ടെന്നു തോന്നുന്നില്ല. രണ്ടാമത്തെ ആക്ടിൽ പാട്ടച്ചീട്ടു എഴുതിയ തീയ്യതിമുതൽ ൨൦ കൊല്ലത്തെ ആവരേജ് എടുക്കണമെന്നാണു പറയുന്നതു്.

മിസ്റ്റർ എം. ഐ. പോൾ: വ്യത്യാസപ്പെട്ട വിധിയുണ്ടായാൽ അതിനെപ്പറ്റി ആലോചിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചിക്കാം.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നെല്ലിനു പുറമെ കടിയാൻ തേങ്ങാപ്പാട്ടം കൊടുക്കുന്നതായി ശവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തേങ്ങാപ്പാട്ടത്തെ സംബന്ധിച്ചുള്ള നിയമം വെറ്റപ്പാട്ടകടിയാൻ നിയമത്തിലുണ്ടു്. അതിന്റെ അത്ഥത്തെ സംബന്ധിച്ചു വക്കീലന്മാർ പല വിധത്തിലും വാദിച്ചു എന്നുവരാം.

മിസ്റ്റർ എം. ഐ. പോൾ: നിലത്തിനു പാട്ടച്ചീട്ടു വച്ചിരുന്നതിനെവിട്ടു നാളികേരപ്പാട്ടം പിരിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: തെങ്ങിൻതോട്ടമോ, നിലമോ എന്നു തീച്ചയാക്കുന്നതു കൂടുതൽ ഭാഗം തെങ്ങിൻതോട്ടമോ നിലമോ എന്നു നോക്കീട്ടാണു്. ചില കേസുകളിൽ കൂടുതൽ നിലമായിരുന്നതിനെ തെങ്ങിൻതോട്ടമായി കണക്കാക്കീട്ടുണ്ടോ എന്നു നിശ്ചയമില്ല. ഇതിന്റെ നിയമത്തെ സംബന്ധിച്ചിടത്തോളം യാതൊരു വിഷമവുമില്ല.

മിസ്റ്റർ എം. ഐ. പോൾ: നിലത്തിനുവേണ്ടിമാത്രം പാട്ടച്ചീട്ടു വയ്യിച്ചിട്ടുള്ള സ്ഥലത്തിൽ നിന്നു നാളികേരപ്പാട്ടം പിരിച്ചാൽ അതു കുറുകരമല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കോടതിയിൽപോയി തീരുമാനിക്കാമല്ലോ.

TRANSFER OF MANAGEMENT—M. G. SCHOOL—NARAKKAL

74. (59) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) whether the Government have received representations from any party for the transfer of the M. G. School, Narakkal to their management;

(*b*) if so, from whom and what action has been taken on that?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) Yes.

(*b*) Rev. Fr. Cherian, Pulikkal, Vicar, Parish Church, Narakkal.

The question was examined by Government and ordered that "the present arrangement will continue".

PROHIBITION CASES IN CHITTUR TALUK—NUMBERS REGARDING

75. (328) **Mr. K. W. Muralidhara Marar** *(Trippuittura)*: Will Government be pleased to state the number of prohibition cases charge-sheeted in Chittur Taluk?

Mr. P. Govinda Menon *(Minister for Finance and Law)*: 40. I have answered 40; including one case charge-sheeted in 1124 it will be 41.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: കേസുകൾ കുറയുന്നതു് എക്സൈസ്സു് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ ശിവരാമകൃഷ്ണൻ പറഞ്ഞതിൽനിന്നതന്നെ മദ്യവ്യഞ്ജനം അവിടെ വിജയകരമായി നടക്കുന്നുണ്ടു് എന്നുള്ളതിനു് അദ്ദേഹം സാക്ഷ്യം വഹിക്കുന്നുണ്ടു്. അതുകൊണ്ടാണു് ഇത്ര കുറച്ചു കേസുകൾ ഉണ്ടാകുന്നതു്.

മിസ്റ്റർ എ. എം. തോമസ്സു്: എത്ര കേസ്സുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ൧൯൫൩ൽ നാല്പത്തിനാലും, ൧൯൫൪ൽ ൩൦ കേസ്സുകൾ കണ്ടുകിട്ടുകയുണ്ടായി.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: കണ്ടുകിട്ടിയ കേസ്സുകളിൽ ചിറ്റൂർ നിവാസികളാണോ അധികം പെട്ടിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം. ഓരോ കേസിന്റെയും സ്വഭാവം നോക്കുമ്പോൾ ചിറ്റൂർ താലൂക്കുകാരാണു് അധികമെന്നു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: ഉദ്യോഗസ്ഥന്മാരിൽ വല്ലവരും ഇതിൽ പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ : നോട്ടീസുവേണം.

RURAL LIBRARIES—AUTHORITY FOR SELECTING BOOKS—PARTICULARS REGARDING

76. (39) **Mr. Kodanat Narayanan Nambudiripad** *(Land-holders)*: Will Government be pleased to state.—

(*a*) whether there is a board or Committee for selecting books to the rural libraries;

(*b*) if not, who is responsible for the selection of such books?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) There is no special Board or Committee for selecting books to rural libraries.

(*b*) Books yearly supplied to these libraries are being selected by the managing committee of each library. They submit indent for books worth Rs. 75 out of which books worth Rs. 50 will be supplied. The Government have ordered that selection of books is entirely left to the discretion of the Library authorities themselves.

മിസ്റ്റർ കോടനാട്ട് നാരായണൻനമ്പൂതിരിപ്പാട്ട് : കമ്മിറ്റി സെലക്ട് ചെയ്യുന്ന പുസ്തകങ്ങൾ അധികഭാഗവും കിട്ടാതെയാണ് വരുന്നതെന്നു ഗവൺമെണ്ടിന്നറിയാമോ ?

മിസ്റ്റർ സി. എ. ഔസേപ്പ് : അറിവില്ല.

മിസ്റ്റർ കോടനാട്ട് നാരായണൻനമ്പൂതിരിപ്പാട്ട് : ഒരുകൊല്ലം കൊടുക്കുന്ന പുസ്തകങ്ങൾതന്നെ പിന്നെയും സെലക്ട് ചെയ്യുന്നതായി ഗവൺമെണ്ടിന്നറിയാമോ ?

മിസ്റ്റർ സി. എ. ഔസേപ്പ് : അങ്ങിനെ ഉണ്ടെങ്കിൽ അതു പാടില്ലാത്തതാണ്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി : കമ്മിറ്റി പ്രിസ്ക്രൈബ്ചെയ്ത പുസ്തകങ്ങൾതന്നെ മുഴുവൻ ലൈബ്രറികൾക്കും കൊടുത്തിട്ടുണ്ടോ ?

മിസ്റ്റർ സി. എ. ഔസേപ്പ് : നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ : എഴുപത്തിഅഞ്ചുരൂപയ്ക്കുള്ള പുസ്തകം സെലക്ട്ചെയ്യുകയുണ്ടായതിൽ അമ്പതു രൂപയുടെ പുസ്തകം അയച്ചുകൊടുക്കാവുണ്ടു് എന്നു പറഞ്ഞുവല്ലോ. ബാക്കി ഇരുപത്തിയഞ്ചു രൂപയുടെ പുസ്തകം അവർ മേടിക്കുന്നുണ്ടോ എന്നു അന്വേഷിയ്ക്കാവുണ്ടോ ?

മിസ്റ്റർ സി. എ. ഔസേപ്പ് : അന്വേഷിക്കാവുണ്ടു്.

REPORT IN "KAHALAM" DATED 21ST THULAM 1124—REGARDING TRESPASS

77. (346) മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു് സദയം മറുപടി പറയുമോ.—

(എ) പരിയാരത്തു പാറെക്കാടൻ കുഞ്ഞുവറീതു് എന്നാൾ കുറെ തുർക്കാരുമായി മണിയൻ കുമ്പൻ എന്നാൾ കൃഷി നടത്തുന്ന സ്ഥലം കയ്യേറുവാൻ ചെന്നു വെന്നുള്ള ഒരു റിപ്പോർട്ടു് ഫ്രണ്ട് തുലാം 21-ാംനു-യിലെ "കാഹളത്തിൽ" പ്രസിദ്ധീകരിച്ചിട്ടുള്ളതു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അതിനെക്കുറിച്ചു് അന്വേഷണം നടത്തുന്നുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഇല്ല. ഫ്രണ്ട് തുലാം 21-ാംനു-യിലെ "കാഹളത്തിൽ" പ്രസിദ്ധപ്പെടുത്തിയതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

(ബി) ഉവ്വു്.

മിസ്റ്റർ കെ. കെ. കണ്ണൻ : ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ കിട്ടിക്കഴിഞ്ഞാൽ ഗവൺമെണ്ടു അന്വേഷണം നടത്തി എന്തു നടപടിയാണ് എടുക്കുന്നതു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അന്വേഷണത്തിന്റെ ഫലമായി ഏതെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെന്നു കണ്ടാൽ ആ കുറ്റക്കാരെ പ്രോസിക്യൂട്ടുചെയ്യും.

മിസ്റ്റർ കെ. കെ. കണ്ണൻ : ഇതുപോലെയുള്ള കേസുകൾ ഉണ്ടായിട്ടുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ധാരാളമുണ്ടായിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ : ഈ കേസിന്റെ അന്വേഷണം ഇതേവരെ പൂർത്തിയായിട്ടില്ലേ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഈ ചോദ്യത്തിനു ഉത്തരം തയാറാക്കുന്ന സമയത്തു പൂർത്തിയായിട്ടില്ല. അതിനുശേഷം പൂർത്തിയായിട്ടുണ്ടോ എന്നറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly